പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5018 22/05/2017-ൽ മറുപടിക്ക്

## പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. കൃഷ്ണൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഇതുവരെ എയ്ഡഡ് സ്കൂളിലെ എത്ര അദ്ധ്യാപകരെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായി സർക്കാർ സ്കൂളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്; സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്തെ അദ്ധ്യാപക ബാങ്കിൽ 3737 സംരക്ഷിത ജീവനക്കാരാണുള്ളത്. ഇതിൽ 3652 പേർ അദ്ധ്യാപകരും 85 പേർ അനദ്ധ്യാപകരുമാണ്. ഇവരിൽ 2961 പേരെ സർക്കാർ സ്കൂളുകളിലാണ് പുനർവിന്യസിച്ചിരിക്കുന്നത്. |
| (ബി) പ്രസ്തുത സ്കൂളുകളിൽ, പ്രൊട്ടക്റ്റ് ചെയ്ത അദ്ധ്യാപകരെ പുനർവിന്യസിച്ചതിനുശേഷം അദ്ധ്യാപക ഒഴിവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) വന്നിട്ടുണ്ട്. പി.എസ്.സി വഴി നികേത്തണ്ട ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപരെ പുനർവിന്യസിക്കുന്നത് പ്രസ്തുത കാറ്റഗറിയിൽ ജില്ലയിൽ പി.എസ്.സി ലിസ്റ്റ് നിലവിലില്ലെങ്കിൽ മാത്രമാണ്. കൂടാതെ ഇത് തികച്ചും താൽക്കാലികമായ നടപടിയാണ്. |
| (സി) അദ്ധ്യാപക ഒഴിവ് വന്നിട്ടുണ്ടെങ്കിൽ ഈ ഒഴിവ് എങ്ങനെയാണ് നികത്തിയതെന്ന് വ്യക്തമാക്കാമോ; | (സി) സർക്കാർ സ്കൂളിൽ പി.എസ്.സി വഴി നികേത്തണ്ട മുഴുവൻ ഒഴിവുകളും പി.എസ്.സി വഴി തന്നെയാണ് നികത്തുന്നത്. പി.എസ്.സി ലിസ്റ്റ് നിലവിൽ വന്നാൽ സംരക്ഷിതാദ്ധ്യാപരെ സർക്കാർ സ്കൂളിൽ തുടരാൻ അനുവദിക്കുന്നില്ല. |
| (ഡി) പിന്നീട് വന്ന ഒഴിവുകളിലേക്ക് സർക്കാർ സ്കൂളുകളിലേയ്ക്ക് പ്രൊട്ടക്റ്റ് ചെയ്ത് നിയമിച്ച അദ്ധ്യാപകരെ തന്നെ തിരികെ നിയമനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?. | (ഡി) അപ്രകാരം ഒരു സ്ഥലത്തും നിയമനം നൽകിയിട്ടില്ല. പി.എസ്.സി ലിസ്റ്റ് നിലവില്ലാത്ത തസ്തികകളിൽ മാത്രമേ താൽക്കാലികമായി സർക്കാർ സ്കൂളിൽ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ